# ബസ് ജീവനക്കാർക്കായി ട്രാഫിക് ബോധവൽക്കരണ ക്ലാസ്

റോഡ് ഗതാഗത സുരക്ഷക്കും ഗതാഗത നിയമങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി റോഡപകടങ്ങൾ കുറക്കുന്നതിലേക്കുമായി ശുഭയാത്ര 2016 പദ്ധതിയുടെ ഭാഗമായി ആലുവ ട്രാഫിക് പോലീസ് 04.01.2017 തീയ്യതി രാവിലെ 10 മണിക്ക് ബസ് ജീവനക്കാർക്കായി ഒരു ട്രാഫിക് ബോധവൽക്കരണ ക്ലാസ് നടത്തി.

കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻെറ ആലുവയിലുള്ള ഹാളിലാണ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചത്. ആലുവ പോലീസ് ഇൻസ്പെക്ടർ ശ്രീ. വിശാൽ ജോൺസൺ അദ്ധ്യക്ഷനായി നടത്തിയ ചടങ്ങ് ആലുവ ഡി.വൈ.എസ്.പി ശ്രീ. കെ.ജി.ബാബുകുമാർ ഉൽഘാടനം ചെയ്തു.

കേരളാ പ്രൈവറ്റ് ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻെറ ജില്ലാ സെക്രട്ടറി ശ്രീ. കെ.എം.നവാസ് സ്വാഗതം പറഞ്ഞു. ബഹുമാനപ്പെട്ട ജോയിൻറ് ആർ.ടി.ഓ. ശ്രീ. ആദർശ്കുമാർ ട്രാഫിക് ബോധവൽക്കരണ ക്ലാസ് നയിച്ചു.

ആലുവ ട്രാഫിക് യൂണിറ്റ് എസ്.ഐ. ശ്രീ. സോണി മത്തായി നന്ദി പറഞ്ഞു. ക്ലാസിൽ 120 ഓളം ബസ് ജീവനക്കാർ പങ്കെടുത്തു.

ഇനിയും ഇത്തരം ക്ലാസുകൾ സംഘടിപ്പിക്കുമെന്ന് ആലുവ ഡി.വൈ.എസ്.പി പറഞ്ഞു

